"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്, തൊഴിൽഭവൻ,
തിരുവനന്തപുരം-33

## ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്രമം
(നിലവിൽ: ചന്ദ്രശേഖർ.എസ്. ഐ.എ.എസ്)

വിഷയം: വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ്- ജീവനക്കാര്യം- സീനിയർ സൂപ്രണ്ട് തസ്തികയിൽ ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: 1)07.03.2020 ലെ DT/952/2020-A4 നമ്പർ ഉത്തരവ്.
2)23.04.2020 തിയതിയിലെ 1079 നം. അസാധാരണ ഗസറ്റ്.
3)6.03.2020-ലെ സ .ഉ(കൈ)നം.15/2020/തൊഴിൽ നമ്പർ സർക്കാർ ഉത്തരവ്.

**ഉത്തരവ് നമ്പർ : DT/6903/2019-A3 തീയതി: 27/04/2020**

പരാമർശം 1 പ്രകാരം മലമ്പുഴ ഐ.ടി.ഐ-യിലെ സീനിയർ സൂപ്രണ്ട് ശ്രീ.എച്ച്.അബൂബക്കർ-ന്,ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ വിരമിക്കലിന് പ്രാരംഭമായി 02.04.2020 മുതൽ പരിവർത്തിതാവധി അനുവദിച്ചതുവഴി വകുപ്പിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ മലമ്പുഴ ഐ.ടി.ഐ-ൽ ഒരു ഒഴിവുണ്ട്. ടി ഒഴിവ് കൂടാതെ ധനുവച്ചപുരം ഐ.ടി.ഐ-യിലെ സീനിയർ സൂപ്രണ്ട് ശ്രീ.സലിൻ കുമാർ.എം 30.04.2020-ൽ സേവനത്തിൽ നിന്നും വിരമിക്കുന്നത് വഴി 01.05.2020 തീയതിയിൽ ടി ഐ.ടി.ഐ-യിലും പ്രസ്തുത തസ്തികയിൽ ഒഴിവുണ്ടാകുന്നതാണ് .

മേൽ പറയുന്ന ഒഴിവുകളിലേയ്ക്ക് സീനിയർ സൂപ്രണ്ട് തസ്തികയിൽ സ്ഥാനക്കയറ്റം ലഭിക്കുന്നതിനായി അർഹരായ ജൂനിയർ സൂപ്രണ്ടുമാരുടെ സെലക്ട് ലിസ്റ്റ് 31.12.2019-ൽ നടന്ന ഡി.പി.സി (ലോവർ) യോഗം തയ്യാറാക്കുകയും ആയതു സർക്കാർ അംഗീകരിച്ചതിനെ തുടർന്ന് പരാമർശം (2) പ്രകാരം ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥാനക്കയറ്റത്തിനു മുൻപ് നിലവിലുള്ള ഒഴിവുകളിൽ സ്ഥലം മാറ്റത്തിനുള്ള അപേക്ഷകൾ പരിഗണിക്കണമെന്ന വ്യവസ്ഥ നിലവിലുണ്ട് .എന്നാൽ കൊവിഡ് -19 പശ്ചാത്തലത്തിൽ രാജ്യത്താകമാനം ലോക്ക് ഡൌൺ നിലനിൽക്കുന്ന സാഹചര്യത്തിൽ യാത്രകൾ പരമാവധി കുറയ്ക്കണമെന്ന സർക്കാർ നിർദ്ദേശമുള്ളതിനാലും , പൊതു സ്ഥലം മാറ്റത്തിനുള്ള അപേക്ഷ ക്ഷണിക്കാത്ത സാഹചര്യത്തിലും ടി വ്യവസ്ഥ നിലവിൽ പാലിക്കുവാൻ നിർവാഹമില്ല.

വകുപ്പിൽ സേവനത്തിലിരിക്കേ കാഴ്ചശക്തി പൂർണ്ണമായും നഷ്ടപ്പെട്ട ചാക്ക ആർ.ഐ സെന്ററിലെ ജൂനിയർ സൂപ്രണ്ട് ( സൂപ്പർ ന്യൂമററി) തസ്തികയിൽ സേവനത്തിലുള്ള ശ്രീമതി .എസ്.സെറീന-യുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ വകുപ്പിൽ നിലവിലുള്ള ഏതെങ്കിലും സ്ഥാപനത്തിലെ സീനിയർ സൂപ്രണ്ട് തസ്തിക ഒഴിച്ചിട്ടുകൊണ്ട് ശ്രീമതി.എസ്.സെറീന സീനിയർ സൂപ്രണ്ട് തസ്തികയിൽ സ്ഥാനക്കയറ്റത്തിന് അർഹത നേടുന്ന തീയതി പ്രാബല്യത്തിൽ ടി ജീവനക്കാരിയെ ഉൾക്കൊള്ളിക്കുന്നതിനായി ചാക്ക ആർ.ഐ.സി -ലെ ജൂനിയർ സൂപ്രണ്ട്( സൂപ്പർ ന്യൂമററി) തസ്തിക സീനിയർ സൂപ്രണ്ട് തസ്തികയായി അപ്ഗ്രേഡ് ചെയ്ത് പരാമർശം 3 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ടി സെലക്ട് ലിസ്റ്റിൽ ക്രമ നമ്പർ (174),(175) ൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാർക്ക് KS &SSR ലെ പൊതു ചട്ടം 28 (b) (ii) പ്രകാരം 36600 -79200

മേൽ സാഹചര്യത്തിൽ, ടി സെലക്ട് ലിസ്റ്റിൽ ക്രമ നമ്പർ (174),(175) ൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാർക്ക് KS &SSR ലെ പൊതു ചട്ടം 28 (b) (ii) പ്രകാരം 36600 -79200 രൂപ നിരക്കിൽ സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ചുവടെ പറയുന്ന പ്രകാരം താൽക്കാലികമായി ഉദ്യോഗക്കയറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നം | പേര് /തസ്തിക /സ്ഥാപനം | സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നം | ഉദ്യോഗക്കയറ്റം നല്കി നിയമിക്കുന്ന സ്ഥാപനം |
|---|---|---|---|
| 1 | ശ്രീമതി ജി .ജ്യോതിലക്ഷ്മി,ജൂനിയർ സൂപ്രണ്ട്, ഐ.ടി.ഐ.ചങ്ങനാശ്ശേരി | 170 | ഐ.ടി.ഐ മലമ്പുഴ |
| 2 | ശ്രീമതി.എസ്.സെറീന , ജൂനിയർ സൂപ്രണ്ട് ആർ.ഐ.സി ചാക്ക | 171 | ആർ.ഐ.സി ചാക്ക |

പരാമർശം (3) ലെ സർക്കാർ ഉത്തരവിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ധനുവച്ചപുരം ഐ.ടി.ഐ-യിലെ സീനിയർ സൂപ്രണ്ട് തസ്തിക തൽക്കാലം ഒഴിച്ചിടുന്നു. ശ്രീമതി എസ്.സെറീന 01.05.2020 തീയതിയിൽ ഉണ്ടാകുന്ന ഒഴിവിൽ സേവനത്തിൽ പ്രവേശിക്കേണ്ടതാണ്. ട്രാൻസ്ഫർ അപേക്ഷകൾ പിന്നീട് പരിഗണിക്കുന്നതാണ്. ലോക്ക് ഡൌൺ പിൻവലിക്കുമ്പോഴോ പൊതുഗതാഗത സംവിധാനങ്ങൾ പൂർവ സ്ഥിതിയിലാകുമ്പോഴോ പൊതുസ്ഥലം മാറ്റത്തിനുള്ള അപേക്ഷകൾ അർഹതയുടെ അടിസ്ഥാനത്തിൽ പരിഗണിക്കുമ്പോൾ ഈ ഉത്തരവിലെ നിയമനങ്ങൾ പുന:പരിശോധിക്കുന്നതാണ്.

ഉദ്യോഗക്കയറ്റം അനുവദിച്ച ഉദ്യോഗസ്ഥർ അതാത് സ്ഥാപനങ്ങളിൽ സേവനത്തിൽ പ്രവേശിക്കുന്നതിനായി ബന്ധപ്പെട്ട സ്ഥാപന മേധാവികൾ വിടുതൽ ചെയ്യേണ്ടതാണ്. ടി ജീവനക്കാരെ വിടുതൽ ചെയ്യതും സേവനത്തിൽ പ്രവേശിച്ചതുമായ വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്. 30.04.2020-ൽ സേവനത്തിൽ നിന്നും വിരമിക്കുന്ന ധനുവച്ചപുരം ഐ.ടി.ഐയിലെ സീനിയർ സൂപ്രണ്ട് ശ്രീ.സലിൻ കുമാർ.എം ടിയാന്റെ ചാർജ്ജ് പ്രിൻസിപ്പാളിന് കൈമാറേണ്ടതാണ്,

ഒപ്പ്/-
ട്രെയിനിംഗ്ഡയറക്ടർ

സ്വീകർത്താവ്:- ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്:- 1. ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്ക്.
2. അക്കൗണ്ടന്റ് ജനറൽ (കേരള)
3.വകുപ്പ് വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്